LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി നേരിടുന്ന വരുമാന നഷ്ടത്തിന്റെ പ്രധാന കാരണം. അതോറിറ്റിയുടെ വരുമാന നഷ്ടത്തിന്റെ ഒരു അനുബന്ധ കാരണം മാത്രമാണ് ഉൽപ്പാദിപ്പിക്കുന്ന ജലം വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കാനായി വിതരണ ശൃംഖല പുനരുദ്ധരിച്ച് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജലവിതരണം കാര്യക്ഷമമാക്കാനും ജല ചോർച്ച നിയന്ത്രണത്തിലാക്കാനും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ പൈപ്പുകളിലൂടെയുള്ള ചോർച്ച കാരണമുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. എ.ഡി.ബി. ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി. എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കാനും ജല ചോർച്ച നിയന്ത്രണത്തിലാക്കാനും പദ്ധതി പൂർത്തിയാകുമ്പോൾ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. കേന്ദ്ര സംസ്ഥാന പദ്ധതികളിലുൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ഇതുവഴി വിതരണ ശൃംഖല ഘട്ടം ഘട്ടമായി പുനരുദ്ധരിച്ച് ജലനഷ്ടം കുറയ്ക്കുന്നുണ്ട്.

പട്ടികജാതി, പട്ടിക ഗോത്ര വിദ്യാർത്ഥികളുടെ പഠനനിലവാരം

23 (*83) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പ്രാഥമികതലം മുതൽ ഉന്നതതലം വരെയുള്ള വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും അനിവാര്യമായി മാറിയ സാഹചര്യത്തിൽ പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ പഠനോപകരണങ്ങളുടെയും പഠന സൗകര്യങ്ങളുടെയും അപര്യാപ്തത നേരിടുന്നത് പരിഹരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസന വകുപ്പ്, കോളനികളിൽ സാമൂഹ്യപഠന മുറികൾ, പഠനകേന്ദ്രങ്ങൾ എന്നിവ സജ്ജീകരിക്കുകയും ഫെസിലിറ്റേറ്റർമാരെ നിയോഗിച്ച് പഠന സഹായം നൽകുകയും ചെയ്തുവരുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലും പൊതുവിദ്യാഭ്യാസ മേഖലയിലും അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തുവരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള കൈറ്റ് വിക്ടേഴ്സിലൂടെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്. ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ പഠനത്തിനുള്ള കണക്ടിവിറ്റി സൗകര്യങ്ങളും ഡിജിറ്റൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ അനുയോജ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇത്തരം സാഹചര്യങ്ങളിൽ പഠന പ്രവർത്തനങ്ങളിൽ പിന്നാക്കം പോയിട്ടുണ്ടാകാനിടയുള്ള പട്ടികജാതി, പട്ടികഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ, പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷണൽ എയ്ഡ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മെസ് അലവൻസ്, പോക്കറ്റ് മണി എന്നിവയും നൽകിവരുന്നു. സാമൂഹ്യപഠനമുറികളിലും പൊതുഇടങ്ങളിലും ഓൺലൈൻ ക്ലാസ്സുകൾക്കായി ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഫെസിലിറ്റേറ്റർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഉപയോഗപ്പെടുത്തികൊണ്ട് വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ഓൺലൈൻ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ ക്ലാസ്സുകൾ റെക്കോർഡ് ചെയ്ത് വിദൂര സ്ഥലങ്ങളിലുള്ള കോളനികളിൽ എത്തിക്കുന്നുണ്ട്.

(സി) പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പൊതുവേയുള്ള പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഉൾപ്പെടെയുള്ള നൂതന പഠന സങ്കേതങ്ങളും അത്യാധുനിക ലബോറട്ടറികൾ, ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ് തുടങ്ങിയ പഠനാനുബന്ധ

LIBRARY ARCHIVES Kerala Legislative Assembly

സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കൂടുതൽ വിഷയങ്ങൾക്ക് ട്യൂട്ടർമാരെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപന യോഗ്യതയുള്ളവരെ പ്രൈമറി ക്ലാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്റ്റുഡൻസ് കൗൺസിലർമാരുടെയും പാർട്ട് ടൈം ട്യൂട്ടർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ എത്തിക്കുന്നതിന് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് സ്പോട്ട് അഡ്മിഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വകുപ്പിലെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ/പ്രൊമോട്ടർമാർ/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടി കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഠന പിന്നാക്കാവസ്ഥ പരിഹരിക്കാനായി പട്ടികജാതി വികസന വകുപ്പിൽ പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്, കമ്പ്യൂട്ടർ അധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സ് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിനുള്ള ആനുകൂല്യം, ബുക്ക് ബാങ്ക് പദ്ധതി, ബി.ടെക്.-ന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള റെമഡിയൽ ട്യൂഷൻ പദ്ധതി, ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ബി.ടെക്.-ന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക കോച്ചിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

ശബരിമല തീർത്ഥാടനം

24 (*84) ശ്രീ. എം. മുകേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ആശങ്ക ഒഴിയാത്ത സാഹചര്യത്തിൽ ഇത്തവണത്തെ ശബരിമല തീർത്ഥാടനത്തിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന സൗകര്യങ്ങളും നിയന്ത്രണങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?